**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------- ---------------------------------------------
**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 14 ചൊവ്വ**
------------------- ---------------------------------------------

# തപാൽ വോട്ടുകൾ കളക്ട്രേറ്റിൽ എണ്ണും മീഡിയ സെന്ററും ഫലപ്രഖ്യാപനവും കളക്ട്രേറ്റിൽ

ആലപ്പുഴ: ലോകസഭ തിരഞ്ഞെടുപ്പിന്റെ തപാൽ വോട്ടുകൾ എണ്ണുക കളക്ട്രേറ്റിലായിരിക്കും. ഇവിടെ തന്നെയാകും മീഡിയ സെന്ററും പ്രവർത്തിക്കുക. മറ്റു കേന്ദ്രങ്ങളിലെ കണക്കുകൾ കൂടി കൂട്ടി ഫലപ്രഖ്യാപനം നടത്തുന്നതും വരണാധികാരിയായ ജില്ല കളക്ടർ ഇവിടെ തന്നെയായിരിക്കും.

തിരഞ്ഞെടുപ്പ് നടത്തിപ്പു ചട്ടങ്ങളിലെ 50 മുതൽ 67 രെയുള്ള വിവിധ ചട്ടങ്ങളും കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദേശങ്ങളും അനുസരിച്ചാണ് വോട്ടെണ്ണൽ നടത്തുന്നത്. ഇടവേളയില്ലാതെ വോട്ടെണ്ണൽ തുടർച്ചയായി നടത്തണമെന്ന് 60-ാം ചട്ടം അനുശാസിക്കുന്നു. ഇതുപ്രകാരം ആദ്യം എണ്ണിത്തുടങ്ങുക തപാൽ വോട്ടുകളാണ്. എന്നാൽ തപാൽ വോട്ടുകൾ എണ്ണിത്തീർന്ന ശേഷമേ വോട്ടുയന്ത്രത്തിലെ വോട്ടുകൾ എണ്ണാവൂ എന്ന് വ്യവസ്ഥയില്ല. എന്നാൽ യന്ത്രത്തിലെ എണ്ണലിന്റെ അവസാന റൗ ിനു തൊട്ടുമുമ്പുള്ള റൗ ് ആരംഭിക്കും മുമ്പ് തപാൽ വോട്ടുകളുടെ എണ്ണൽ പൂർത്തിയായിരിക്കണമെന്നാണ് വ്യവസ്ഥ.

വോട്ടെണ്ണലിന്റെ തലേന്ന് വരണാധികാരി അതുവരെ ലഭിച്ച തപാൽ വോട്ടുകളുടെ കണക്ക് നിരീക്ഷകന് നൽകും. വോട്ടെണ്ണൽ ദിനത്തിൽ എണ്ണൽ തുടങ്ങുന്ന സമയം വരെ ലഭിച്ച തപാൽ വോട്ടുകളുടെ എണ്ണം സംബന്ധിച്ച വിവരവും നൽകും. തപാൽ വോട്ടുകൾ ഓരോ റൗ ിലും 500ൽ അധികം എണ്ണാറില്ല. സ്ഥലലഭ്യത അനുസരിച്ച് ഇതിനായി കൂടുതൽ മേശകൾ ക്രമീകരിക്കാമെങ്കിലും ഇത് പരമാവധി നാലുവരെയാകാമെന്നാണ് വ്യവസ്ഥ. തപാൽ വോട്ട് പരിഗണിക്കുമ്പോൾ വോട്ട് അടയാളപ്പെടുത്തുന്നതിന് പ്രത്യേക അടയാളം നിശ്ചയിച്ചിട്ടില്ലെങ്കിലും സമ്മതിദായകനെ തിരിച്ചറിയുന്ന തരത്തിൽ പേര്, ഒപ്പ് പോലുള്ളവ പാടില്ല.

തപാൽ വോട്ടുകൾ വരണാധികാരിയുടെ മേൽനോട്ടത്തിലാണ് എണ്ണുന്നത്. ഇത്തവണ തപാൽ വോട്ട്, ഇലക്ട്രോണിക്കലി ട്രാൻസ്മിറ്റഡ് തപാൽ വോട്ട് (ഇ.ടി.പി.ബി.) എന്നിങ്ങനെ ര ുതരം തപാൽ വോട്ടുകളാണ് ഉള്ളത്. ഇവ ര ും തപാൽ മാർഗം തന്നെയാണ് വരണാധികാരിക്കു ലഭിക്കുന്നത്. എന്നാൽ സാധാരണ തപാൽ വോട്ട് വരണാധികാരിക്ക് നേരിട്ടു കൈമാറാം. എന്നാൽ വോട്ടെണ്ണൽ തുടങ്ങാൻ നിശ്ചയിച്ച സമയത്തിനു മുമ്പേ അവ വരണാധികാരിക്കു

കൈമാറിയിരിക്കണം. ഈ സമയത്തിനു ശേഷം ലഭിക്കുന്ന ഒരു തപാൽ വോട്ടും വോട്ടെണ്ണലിൽ ഉൾപ്പെടുത്തില്ല. ഇവ ലഭിച്ച സമയം ഉൾപ്പടെയുള്ള കാരണം എഴുതി വലിയ കവറിലാക്കി മാറ്റി സൂക്ഷിക്കും.

വോട്ടെണ്ണലിനു നിശ്ചയിച്ച സമയം വരെ ലഭിക്കുന്ന എല്ലാ തപാൽ വോട്ടുകളും വോട്ടെണ്ണലിൽ പരിഗണിക്കും. തപാൽ വോട്ടുകൾ 13ബി എന്ന കവറിലാകും ഉ ാകുക. ഈ കവർ 13എ-യിലുള്ള പ്രഖ്യാപനത്തോടൊപ്പം 13സി കവറിനുള്ളിൽ നിക്ഷേപിച്ചാകും വരണാധികാരിക്ക് ലഭിക്കുക. ഇവയുടെ പരിശോധനയിൽ നാലു കാരണങ്ങളാൽ തപാൽ വോട്ടുകൾ നിരസിക്കപ്പെടാം.

വോട്ടെണ്ണലിന്റെ ആദ്യഘട്ടത്തിൽ 13 സി കവറുകൾ തുറക്കുന്നു. ഇവയിൽ 13എ, 13ബി കവറുകൾ ഉ ാകും. ആദ്യം 13 എ പരിശോധിക്കും. 13 എ ഇല്ലാത്ത പക്ഷവും 13എ-യിൽ ഒപ്പുവച്ചിട്ടിലാത്ത പക്ഷവും 13എ യഥാവിധി സാക്ഷ്യപ്പെടുത്താത്ത പക്ഷവും 13എ-യിലെ സീരിയൽ നമ്പർ 13ബി-ക്കു പുറത്തുള്ള സീരിയൽ നമ്പരുമായി യോജിക്കാത്ത പക്ഷവും നിരസിക്കാം. എന്നാൽ സാക്ഷ്യപ്പെടുത്തേ ഉദ്യോഗസ്ഥന്റെ എല്ലാ വിവരവും ചേർത്തിട്ടു ങ്കിൽ ഓഫീസ് മുദ്ര ഇല്ലെന്ന കാരണത്താൽ തള്ളിക്കളയുന്നതിന് മതിയായ കാരണമല്ല.

ഇത്തരത്തിൽ നിരസിക്കപ്പെടുന്ന 13ബി-യിലുള്ള എല്ലാ എ കവറുകളും വരണാധികാരി മതിയായ വിവരമെഴുതി 13സി-യിലുള്ള ബി കവറിൽ നിക്ഷേപിച്ച് അവ വലിയ കവറിലാക്കി മുദ്രവച്ച് മാറ്റിവയ്ക്കും. സാധുവായ എല്ലാ 13എ-യും പുറത്ത് വിശദാംശമെഴുതിയ കവറിൽ സൂക്ഷിക്കും. തുടർന്നാണ് സാധുവായ എ (13ബി) കവറുകൾ പരിഗണിക്കുക. ഇവയോരോന്നും തുറന്ന് തപാൽ വോട്ടുകൾ പുറത്തെടുക്കും.

ഈ ഘട്ടത്തിലും വിവിധ കാരണങ്ങളാൽ തപാൽ വോട്ടുകൾ നിരസിക്കപ്പെടാമെന്ന് 56(2) ചട്ടം വിശദീകരിക്കുന്നു. വോട്ടു രേഖപ്പെടുത്താതിരിക്കുക, ഒന്നിലധികം പേർക്ക് വോട്ടു രേഖപ്പെടുത്തുക, വ്യാജമായ അല്ലെങ്കിൽ സാധുവല്ലാത്ത ബാലറ്റാണെങ്കിൽ, യഥാർഥ ബാലറ്റാണെന്നു തിരിച്ചറിയാൻ കഴിയാത്ത വിധം കേടുപാടുകൾ ഉള്ളതാണെങ്കിൽ, വരണാധികാരി നൽകിയ 13സി-യിലുള്ള കവറിലല്ല തിരിച്ചുവന്നതെങ്കിൽ, ഏതു സ്ഥാനാർഥിക്കാണ് വോട്ട് എന്ന് നിർണയിക്കുന്നതിന് കഴിയാതെ വന്നാൽ, വോട്ടറെ തിരിച്ചറിയാൻ സഹായകമാകുന്ന അടയാളം വല്ലതുമു ങ്കിൽ തുടങ്ങിയ കാരണങ്ങളാലാണ് ഈ ഘട്ടത്തിൽ വോട്ടു നിരസിക്കപ്പെടുക. നിരസിക്കപ്പെടുന്ന ഓരോ തപാൽ വോട്ടിലും വരണാധികാരി റിജക്ടഡ് എന്ന് എഴുതിയോ മുദ്രവച്ചോ പ്രത്യേക കവറിലാക്കി സൂക്ഷിക്കണം.

ഒരു സ്ഥാനാർഥിക്ക് ബാലറ്റിൽ അനുവദിച്ചിട്ടുള്ള സ്ഥലത്ത് എവിടെ വേണമെങ്കിലും വോട്ട് അടയാളപ്പെടുത്താം. സ്ഥാനാർഥിക്ക് ഒന്നിലേറെ തവണ വോട്ട് രേഖപ്പെടുത്തുന്നതും നിരസിക്കുന്നതിന് മതിയായ കാരണമല്ല. എല്ലാതരത്തിലും സാധുവായ വോട്ടു ക ത്തി ഓരോ സ്ഥാനാർഥിക്കും ലഭിച്ച വോട്ടുകൾ നിശ്ചിത എണ്ണം വീതമുള്ള കെട്ടുകളാക്കി ഓരോ സ്ഥാനാർഥിക്കും ലഭിച്ച ആകെ വോട്ടുകൾ തിട്ടപ്പെടുത്തും. 20-ാം നമ്പർ ഫോറത്തിൽ ഫലം രേഖപ്പെടുത്തിയാണ് പ്രഖ്യാപനം. സാധുവായതും അസാധുവായതും ആയ ബാലറ്റുകൾ വെവ്വേറെ കെട്ടുകളാക്കി ഒരേ കവറിൽ വച്ച് വരണാധികാരി, സ്ഥാനാർഥിയുടെയോ തിരഞ്ഞെടുപ്പ് ഏജന്റിന്റെയോ ചീഫ് ഏജന്റിന്റെയോ ഒപ്പോടുകൂടി മുദ്ര വച്ച് സൂക്ഷിക്കും.

അന്തിമഫലം പ്രഖ്യാപിക്കുമ്പോൾ ജയിച്ച സ്ഥാനാർത്ഥിയുടെ ഭൂരിപക്ഷം ആകെ ലഭിച്ച തപാൽ വോട്ടുകളേക്കാൾ കുറവാണെങ്കിൽ എല്ലാ തപാൽ വോട്ടുകളും നിർബന്ധമായും വരണാധികാരി, നിരീക്ഷകൻ എന്നിവരുടെ സാന്നിധ്യത്തിൽ പുനഃപരിശോധിക്കും. ഈ പ്രക്രിയ പൂർണ്ണമായും വീഡിയോയിൽ ചിത്രീകരിക്കും. എന്നാൽ വോട്ടിംഗിലെ രഹസ്യസ്വഭാവം നഷ്ടപ്പെടുന്നില്ല എന്നും ഉറപ്പാക്കണം. പകർത്തിയ രംഗം പൂർണ്ണമായും ലേഖനം ചെയ്ത രേഖ പ്രത്യേക കവറുകളിൽ

ഭാവിയിൽ ആവശ്യമായി വന്നേക്കാവുന്ന പരിശോധയ്ക്കായി മുദ്രവെച്ച് സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ.

# രക്ഷാകർത്തൃത്വ പദവിയുള്ളവർക്ക് മാനസികവെല്ലുവിളി നേരിടുന്നർക്കുള്ള ആനുകൂല്യങ്ങളിൽ മുൻഗണന-ജില്ലാ കളക്ടർ

ആലപ്പുഴ: മാനസിക വെല്ലുവിളി നേരിടുന്നർക്കായുള്ള നാഷണൽ ട്രസ്റ്റിന്റെ നിയമാനുസൃതമായ രക്ഷാകർത്തൃത്വ പദവി ലഭിച്ചിട്ടുള്ളവർക്ക്, ഇത്തരം വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ വരുമ്പോൾ മുൻഗണന നൽകുമെന്ന് ജില്ലാ കളക്ടർ എസ്.സുഹാസ്. മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സുരക്ഷിതത്വത്തിനുമായി രൂപം കൊടുത്ത നാഷണൽ ട്രസ്റ്റിന്റെ ജില്ലാ തല പ്രദേശിക സമിതിയുടെ നിയമാനുസൃത രക്ഷാകർത്തൃത്വ പദവി സർട്ടിഫിക്കറ്റ് വിതരണവും ഹിയറിങ്ങും ജില്ലാ പഞ്ചായത്ത് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കളക്ടർ.
ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ സമൂഹം ഏറ്റെടുക്കണം. കളക്ട്രേറ്റിൽ എത്തിയാൽ സുഗമമായി സർട്ടിഫിക്കേഷൻ നിർവഹിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടു ്. മാനസിക വെല്ലുവിളി നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ഭിന്നശേഷിക്കാർ എന്നിവരുടെ സുരക്ഷിതത്വത്തിന് നാഷണൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച പ്രാദേശിക സമിതിയുടെ സിറ്റിങ്ങിൽ 55 കുടുംബങ്ങൾ പങ്കെടുത്തു. 64 കുടുംബങ്ങൾക്ക് നിയമപരമായ രക്ഷാകർത്തൃ പദവി ലഭിക്കുന്ന സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള സമിതി ഈ വിഭാഗത്തിൽപ്പെട്ടവരുടെ അച്ഛനും അമ്മയും ജീവിച്ചിരുപ്പു െ ങ്കിൽ അവരെയോ അല്ലെങ്കിൽ ബന്ധുക്കളെയോ അല്ലെങ്കിൽ സമിതി ക െ ത്തുന്ന സംഘടനകളെയോ ആണ് ലീഗൽ ഗാർഡിയൻഷിപ്പ് നൽകി സംരക്ഷണച്ചുമതല ഏൽപ്പിക്കുക. ഇനിയും ലീഗൽ ഗാർഡിയൻഷിപ്പ് പദവി ലഭിക്കാത്ത കുടുംബങ്ങൾ കളക്ട്രേറ്റുമായി ബന്ധപ്പെട്ടാൽ മതിയാകുമെന്ന് ചടങ്ങിൽ സംബന്ധിച്ച നാഷണൽ ട്രസ്റ്റ് സംസ്ഥാന നോഡൽ ഏജൻസി ചെയർമാൻ ഡി.ജേക്കബ് പറഞ്ഞു. ഇത് സംബന്ധിച്ച എല്ലാ വിശദാംശങ്ങളും കളക്ട്രേറ്റിൽ ലഭ്യമാകുമെന്ന് അദ്ദേഹം പറഞ്ഞു.ചടങ്ങിൽ ജില്ലാ നിയമ ഓഫീസർ ശ്രീനിവാസ്, ജില്ലാ രജിസ്ട്രാർ കെ.സി.മധു, ജില്ലാ സാമൂഹ്യ നീതി ഓഫീസർ സാബുജോസഫ്, ജില്ലാ തല എൽ.എൽ.സി കൺവീനർ ടി.ടി.രാജപ്പൻ, സമിതയംഗം അഡ്വ.ഡി.ലില്ലി എന്നിവർ പ്രസംഗിച്ചു.

(ചിത്രമു ്)

# തിരഞ്ഞെടുപ്പ്; ടാബുലേഷൻ സംഘത്തിനുള്ള പരിശീലനം നൽകി

ആലപ്പുഴ: പതിനേഴാം ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ആലപ്പുഴ, മാവേലിക്കര ലോക്സഭാ മണ്ഡലങ്ങളിലെ ടാബുലേഷൻ ജോലിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നൽകി. സുവിധ മൊബൈൽ ആപ്ലിക്കേഷൻ, ട്രെൻഡ്, മാനുവൽ എക്സൽ ഫോം എന്നിങ്ങനെ മൂന്നു വിധത്തിലാണ്

വോട്ടെണ്ണലിനോടനുബന്ധിച്ചുള്ള ടാബുലേഷൻ ജോലികൾ ചെയ്യുന്നത്. ആലപ്പുഴ, മാവേലിക്കര ലോക്സഭാ മണ്ഡലത്തിലെ 14 നിയോജക മണ്ഡലങ്ങളിൽ നിന്നായി 100ൽ പരം ഉദ്യോഗസ്ഥരാണ് ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന പരിശീലനത്തിൽ പങ്കെടുത്തത്. എക്സൽ ഫോം പൂരിപ്പിക്കുന്നതുൾപ്പെടെയുള്ളവയും എൽ.സി.ഡി. പ്രൊജക്ടർ ഉപയോഗിച്ച് വിശദീകരിച്ചു. പരിശീലകരായ അബ്ദുൽ റഷീദ്, സന്തോഷ് കുമാർ, റോണി പി.സി., ഷിബു എസ്., വേലായുധൻപിള്ള എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

# വെള്ളപ്പൊക്കനിവാരണ പ്രവർതനങ്ങളുടെ ഭാഗമായി വാടക്കനാലിൽ ആഴം കൂട്ടുന്നു

- ജലഗതാഗത വകുപ്പ് ബോട്ടുകൾ മാതാജെട്ടിയിൽ നിന്ന് തുടങ്ങണം

ആലപ്പുഴ: വെള്ളപ്പൊക്കനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആലപ്പുഴ വാടക്കനാലിലെ മാതാജെട്ടി മുതൽ പടിഞ്ഞാറോട്ട് ബോട്ട് ജെട്ടിവരെയും മുരുകൻ ജെട്ടിമുതൽ ഫയർ സ്റ്റേഷൻ വരെയുള്ള തോടിന്റെയും ആഴം കൂട്ടുന്നു. ഇതിനായുള്ള ഡ്രഡ്ജറും ബാർജുകളും ഇന്നുമുതൽ (മെയ് 15) പ്രവർത്തനം തുടങ്ങുകയാണ്. പ്രവർത്തികൾ തുടങ്ങുന്ന പശ്ചാത്തലത്തിൽ വാടക്കനാലിലെ മാതാജെട്ടിമുതൽ പടിഞ്ഞാറോട്ടുള്ള ഭാഗത്തെയും ഫയർസ്റ്റേഷനുമുൻവശത്തുള്ള തോട് വഴിയുമുള്ള ജലഗതാഗതം ഇനി ഒരറിയിപ്പ് ഉ ാകുന്നതുവരെ നിരോധിച്ചതായി ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു. ആയതിനാൽ ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ വാടക്കനാലിൽ മാതാജെട്ടിയിൽ നിന്ന് ഓപ്പറേഷൻ തുടങ്ങേ തും അവസാനിപ്പിക്കേ തുമാണ്.

# ശുചീകരണം നടത്തി

ചെങ്ങന്നൂർ: ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്ന മുദ്രാവാക്യമുയർത്തി പകർച്ചവ്യാധി പ്രതിരോധ യജ്ഞത്തിന്റെ ഭാഗമായി ചെങ്ങന്നുർ നഗരസഭയിലെ വാർഡ് തല ശുചീകരണ കമ്മറ്റിയുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ വിപുലമായ ശുചീകരണം നടത്തി. നഗരസഭാ തല ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നഗരസഭാധ്യക്ഷൻ ജോൺ മുളങ്കാട്ടിൽ നിർവ്വഹിച്ചു. വാർഡുകളിൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ, ആശാപ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ പങ്കെടുപ്പിച്ച് ഓടകൾ, തോടുകൾ, റോഡിന് ഇരുവശങ്ങളിലെയും കാടുകൾ എന്നിവ വൃത്തിയാക്കി ഓടകളിലെ മാലിന്യവും മണ്ണും നീക്കം ചെയ്ത് ശുചികരണം നടത്തി. ശുചീകരണത്തിന്റെ ഭാഗമായി ഏകദേശം അര ടണ്ണോളം പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ചു. ഇവ ക്ലീൻ കേരള കമ്പനിക്ക് കൈമാറും.

വീടുകൾ കേന്ദ്രമാക്കി ശുചിത്വം സംബന്ധിച്ചു ഗാർഹിക തല സർവ്വേ ആശാപ്രവർത്തകരുടെ നേതൃത്വത്തിൽ ആരംഭിച്ചു. വർഷങ്ങളായി മാലിന്യം നിക്ഷേപിച്ചിരുന്ന നഗര മധ്യത്തിലെ ബെഥേൽ ജംഗ്ഷനിൽ റിലീഫ് സ്കൂളിന് സമീപമുള്ള സ്ഥലം നഗരസഭ ജീവനക്കാർ വൃത്തിയാക്കി പൂച്ചെടികൾ വെച്ച് പിടിപ്പിച്ചു നീരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.

# കിക്മയിൽ എം.ബി.എ. സ്പോട്ട് അഡ്മിഷൻ

**ആലപ്പുഴ** : കേരള സർക്കാറിന്റെ കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 2019-21 ബാച്ചിലേയ്ക്ക് അഡ്മിഷൻ **മെയ് 18-ന്**

**ചേർത്തല ദീപിക ജംഗ്ഷനിലുള്ള കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്ററിൽ** വച്ച് **10 മണി** മുതൽ നടത്തുന്നതാണ്.

കേരള സർവ്വകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, സിസ്റ്റം എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമു ്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും, എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്.

അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും, ഇതേവരെ അപേക്ഷ ഫോം സമർപ്പിച്ചിട്ടില്ലാത്തവർക്കും ഈ സ്പോർട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8547618290/9995302006** എന്നീ നമ്പരുകളിലോ, www.kicmakerala.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## ക്യാമ്പസ് സെലക്ഷൻ ഇന്ന് (15.05.2019)

ആലപ്പുഴ: പുന്നപ്ര കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളജിൽ ക്യാമ്പസ് സെലക്ഷൻ നടത്തുന്നു. ഇന്ന് (15.04.2019) രാവിലെ മുതൽ നടക്കുന്ന പരിപാടിയിൽ 2018-19 വർഷത്തിൽ പാസ്സൗട്ടായ സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളജിലെ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. അമേരിക്ക, കാനഡ തുടങ്ങിയ സ്ഥലങ്ങൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികളാണ് ക്യാമ്പസ് സെലക്ഷനായി എത്തിയിരിക്കുന്നത്. വിശദവിവരത്തിന് ഫോൺ: 9207093344.

## വാക്ക്-ഇൻ- ഇന്റർവ്യൂ

ചെങ്ങന്നൂർ: അങ്ങാടിയ്ക്കൽ എസ്.സി.ആർ.വി. ടി.ടി.ഐയിൽ ടി.എസ്.എ(ഇംഗ്ലീഷ്), ടി.എസ്.എ(മലയാളം), ടി.എസ്.എ (കണക്ക്) തസ്തികയിലും (അതാതു വിഷയത്തിലുള്ള 55% മാർക്കോടെ ബിരുദാനന്തര ബിരുദവും 55% മാർക്കോടെ എം.എഡും) ലാബ് സ്ക്കൂളിലെ എൽ.ജി. ഹിന്ദി, യു.പി.എസ്.റ്റി തസ്തികയിലും (കെ.ഇ.ആർ അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യത) താത്കാലിക അദ്ധ്യാപകരെ നിയമിക്കുന്നു. താത്പര്യമുള്ളവർ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ മെയ് 20ന് രാവിലെ 10.30ന് നടക്കുന്ന അഭിമുഖത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം എത്തണം. വിശദവിവരത്തിന് ഫോൺ: 0479 2302206.

## ഡിഗ്രി കോഴ്സിന് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.റ്റി.)

ചാരമംഗലം റീജിയണൽ സെന്ററിലെ ബി.ബി.എ., ബി.കോം.(കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീഡ്വർ പ്രാകിറ്റീസ്) ഡിഗ്രി കോഴ്സുകളിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചു. താൽപര്യമുള്ള വിദ്യാർത്ഥികൾ കേരള യൂണിവേഴ്സിറ്റിയുടെ ഏകജാലക സംവിധാനം വഴി ഓൺലൈൻ രജിസ്ട്രേഷൻ നടത്തി യു.ഐ.റ്റി. ചാരമംഗലം എന്ന ഓപ്ഷൻ രേഖപ്പെടുത്തണം. എസ്.സി., എസ്.ടി., ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭ്യമാണ്.

## ആരോഗ്യജാഗ്രത: ഡെങ്കിപ്പനി ദിനാചരണം നാളെ

ആലപ്പുഴ: ആരോഗ്യ ജാഗ്രത തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി നാളെ (16.05.2019) ജില്ലയിൽ ദേശീയ ഡെങ്കിപ്പനി ദിനാചരണം നടത്തും. നാളെ രാവിലെ ചെട്ടികാട് ബ്ലോക്ക് പ്രാഥമികാരോഗ്യകേന്ദ്രം പരിധിയിൽ ആരോഗ്യം, ആശ, അംഗൻവാടി പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തും. ഉച്ചയ്ക്ക് ശേഷം കലവൂർ ഹയർ സെക്ക റി സ്ക്കൂളിൽ നടക്കുന്ന ശിൽപശാലയിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ. അനിതാകുമാരി അധ്യക്ഷത വഹിക്കുന്ന വഹിക്കും. ജില്ലാ കളക്ടർ എസ്. സുഹാസ് ഉദ്ഘാടനം ചെയ്യും.

മെയ് 17ന് ജില്ലയിലെ പ്ലാന്റേഷൻ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തും. 18ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ, ആരോഗ്യം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അതിഥി തൊഴിലാളികളുടെ താമസയിടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും പരിശോധന നടത്തും. മെയ് 20, 21 തീയതികളിൽ ഡെങ്കിപ്പനി വരാനുള്ള സാധ്യത നിൽക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക ഉറവിട നശീകരണ പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തും. മെയ് 25ന് ഹെൽത്തി കേരള പ്രോഗ്രാമും 27,28 തീയതികളിൽ ജലശുദ്ധികാമ്പയിനും ക്ലോറിനേഷനും ഇതോനടുബന്ധിച്ച് നടത്തും.

## വൈദ്യുതി മുടങ്ങും

ആലപ്പുഴ: കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 11കെവി ലൈനിൽ അറ്റകുറ്റ പണിനടക്കുന്നതിനാൽ പടിയിൽ കടവ് മുതൽ പുളിക്കീഴ് വരെയുള്ള ഭാഗങ്ങള്ളിൽ ഇന്ന് (15/05/2019) രാവിലെ 9 മുതൽ വൈകിട്ട് 5 മണി വരെ വൈദ്യുതി ഭാഗികമായി മുടങ്ങുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

## അശ്വമേധം: ജില്ലയിലുടനീളം പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ

ആലപ്പുഴ: അശ്വമേധം (കുഷ്ഠരോഗ നിർണ്ണയ ഭവനസന്ദർശന പരിപാടി) പരിപാടിയുടെ ഭാഗമായി പരിശോധിച്ചവരിൽ രോഗം സംശയിക്കുന്നവരെ വിദഗ്ദ്ധപരിശോധനകൾക്ക് വിധേയമാക്കുന്നതിന് വേ ി ത്വക്ക് രോഗ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ജില്ലയിലുടനീളം പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഭവനസന്ദർശന സമയത്ത് ആരോഗ്യ വോളന്റിയർമാർ ക ത്തിയ സംശയാസ്പദമായ

ലക്ഷണങ്ങളുള്ളവർ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ എത്തി കുഷ്ഠരോഗമല്ല എന്ന് ഉറപ്പുവരുത്തുകയും തുടർ പരിശോധന ആവശ്യമുള്ളവർ ഡോക്ടറുടെ നിർദ്ദേശാനുസരണം പ്രത്യേക മെഡിക്കൽ ക്യാമ്പിൽ എത്തി വിദഗ്ധപരിശോധനയ്ക്ക് വിധേയരാകണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.
കായംകുളം താലൂക്കാശുപത്രി, അമ്പലപ്പുഴ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, മാവേലിക്കര ജില്ലാ ആശുപത്രി, പാണാവള്ളി പ്രാഥമികാരോഗ്യ കേന്ദ്രം, എന്നിവിടങ്ങളിൽ മെയ് 16നും ചുനക്കര സാമൂഹ്യാരോഗ്യ കേന്ദ്രം, മാന്നാർ സാമൂഹ്യാരോഗ്യ കേന്ദ്രം, വെളിയനാട് സാമൂഹ്യാരോഗ്യ കേന്ദ്രം, മുഹമ്മ സാമൂഹ്യാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ മെയ് 17നും ഹരിപ്പാട് താലൂക്ക് ആശുപത്രി, ചമ്പക്കുളം സാമൂഹ്യാരോഗ്യ കേന്ദ്രം, തുറവൂർ താലൂക്ക് ആശുപത്രി, കലവൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ മെയ് 18നും പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്തും.

# സൗജന്യ ദന്ത പരിശോധന ക്യാമ്പ് നടത്തി

ആലപ്പുഴ: വിദ്യാഭ്യാസ വകുപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയായ അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) സ്കിൽ ഡെവലപ്മെന്റ് സെന്ററായ അമ്പലപ്പുഴ മോഡൽ ഹയർ സെക്കൻഡറിയിലെ ഡെന്റൽ അസിസ്റ്റന്റ് കോഴ്സ് വിദ്യാർഥികൾ ഇന്ത്യൻ ഡെന്റൽ അസോസിയേഷനിലെ ഡോക്റ്റർമാരുമായി ചേർന്ന് അമ്പലപ്പുഴ മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ സൗജന്യ ദന്ത പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ. അനിത കുമാരി ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ ഹയർ സെക്കന്ററി സ്കൂളുകളിലെ അസാപ് വിദ്യാർഥികൾ നടത്തിയ സൗജന്യ പരിശോധന ക്യാമ്പിൽ നൂറ്റൻപതോളം പേർ പങ്കെടുത്തു. അസാപ് അമ്പലപ്പുഴ പ്രോഗ്രാം മാനേജർ ആര്യ. ആർ, ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ പ്രസിഡന്റ് ഡോ. സുരേഷ് പി. മാത്യു എന്നിവർ പ്രസംഗിച്ചു.